ഹാന്റ്ക്സിലെ ദിവസ വേതനക്കാർ

205 (5095) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റ്ക്സിൽ ദിവസവേതന വ്യവസ്ഥയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട് ; തസ്തിക തിരിച്ചുള്ള വിശദവിവരം നൽകുമോ ;

(ബി) ഇതിൽ പത്തുവർഷത്തിലേറെ സർവ്വീസുള്ളവർ എത്ര പേരുണ്ട് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാന്റ്ക്സിൽ ദിവസ വേതനക്കാരെ സ്ഥിരപ്പെടുത്തി ഉത്തരവായിട്ടുണ്ടോ ; ആയതിന് എന്ത് മാനദണ്ഡമാണ് സ്വീകരിച്ചതെന്നും , ഏതൊക്കെ തസ്തികകളിൽ എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് എന്നും അറിയിക്കുമോ ;

(ഡി) പത്തു വർഷത്തിലേറെ സർവ്വീസുള്ള ദിവസവേതനക്കാർക്ക് സ്ഥിരനിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹാന്റ്ക്സിൽ ഇപ്പോൾ 68 പേർ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. ക്ലാർക്ക്/ടൈപ്പിസ്റ്റുമാരായി 8 പേരും സെയിൽസ്മാൻ / സെയിൽസ് വുമൺമാരായി 54 പേരും ഡ്രൈവർമാരായി 5 പേരും, പ്യൂണായി ഒരാളുമാണ് ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നത്.

(ബി) ഇതിൽ പത്തു വർഷത്തിലധികമായി ജോലി ചെയ്യുന്നവർ 9 പേരാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 33 ദിവസ വേതനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഒരു അപ്പക്സ് സഹകരണ സംഘമായ ഹാന്റ്ക്സിന്റെ നിയമനങ്ങൾ 25-4-1995 മുതൽ പ്രാബല്യത്തോടെ പി.എസ്.സി.-ക്ക് വിട്ടിട്ടുള്ളതാണ്. 25-4-1995-ന് മുൻപേ ദിവസ വേതനാടിസ്ഥാനത്തിൽ ജോലിക്ക് വന്നവരെയാണ് ബഹു. ഹൈക്കോടതി ഉത്തരവിന്റേയും 7-9-2009-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 11/2009/വ്യവ.യുടേയും അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. തസ്തിക തിരിച്ചുള്ള ലിസ്റ്റ് താഴെ കൊടുക്കുന്നു.

1.	ക്ലാർക്ക്	-	2
2.	ടൈപ്പിസ്റ്റ്	-	1
3.	സെയിൽസ്മാൻ/ സെയിൽസ് വുമൺ	-	22
4.	പ്രസ്സർ	-	1
5.	പ്യൂൺ	-	7
	ആകെ	-	33

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പത്തു വർഷത്തിലേറെ സർവ്വീസുണ്ട് എന്ന കാരണത്താൽ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ കഴിയുകയില്ല. 25-4-1995 മുതൽ പ്രാബല്യത്തോടെ ഈ സംഘത്തിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുള്ളതാണ്. അതിന് മുൻപേ ദിവസ വേതനാടിസ്ഥാനത്തിൽ വന്നവരെ സ്ഥിരപ്പെടുത്തുന്ന കാര്യം മാത്രമേ പരിഗണിക്കാൻ കഴിയുമായിരുന്നുള്ളു. ചോദ്യം (ബി) യുടെ ഉത്തരത്തിൽ പറയുന്ന ഒൻപതു പേരും 25-4-1995-ന് ശേഷം ജോലിക്ക് വന്നവരാണ്. അതിനാൽ ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം തീരുമാനിക്കാൻ കഴിയുകയില്ല. മാത്രമല്ല 10 ക്ലാർക്കുമാരുടേയും 50 സെയിൽസ്മാൻ/സെയിൽസ് വുമൺമാരുടേയും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഖാദി ബോർഡ് നൽകിയ ലോണുകൾ

206 (5096) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഖാദി ബോർഡ് വിവിധ ലോണുകൾ നൽകിയതിൽ 2010 മാർച്ച് 31 വരെയുള്ള ആകെ കുടിശ്ശിക എത്ര തുകയാണ് ;

(ബി) 2006-നുശേഷം കോഴിക്കോട് ജില്ലയിൽ 15 ലക്ഷത്തിൽ കൂടുതൽ ലോൺ എത്ര പേർക്ക് നൽകിയെന്നും അവരുടെ പേരുവിവരങ്ങളും നൽകാമോ ;

(സി) കോഴിക്കോട് കേരള സോപ്സ് ഇൻഡസ്ട്രീസ് ഫെഡറേഷൻ എന്ന സ്ഥാപനത്തിന് എത്ര ലക്ഷം രൂപ ലോണായി നൽകിയെന്ന് അറിയിക്കാമോ ;

(ഡി) ലോൺ എന്നുമുതൽക്കെന്നും തിരിച്ചടവ് കൃത്യമാണോയെന്നും അറിയിക്കാമോ ;

(ഇ) പ്രസ്തുത ലോൺ ഇപ്പോൾ കുടിശ്ശികയാണെങ്കിൽ പിഴപ്പലിശയുൾപ്പെടെ തിരിച്ചടവ് എത്ര തുകയെന്ന് അറിയിക്കുമോ ;

(എഫ്) ഈ വ്യവസായ സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരെല്ലാമെന്ന് അറിയിക്കുമോ ;

(ജി) പ്രസ്തുത ലോൺ എഴുതിത്തള്ളാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-3-2010 വരെ ലോണുകൾ നൽകിയതിൽ പാറ്റേൺ പദ്ധതി പ്രകാരം 1338.65 ലക്ഷം രൂപയും സി.ബി.സി. പദ്ധതി പ്രകാരം 3640.90 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4979.55 ലക്ഷം രൂപ കുടിശ്ശികയുണ്ട്.

(ബി) ബോർഡ് വായ്പയൊന്നും നൽകിയിട്ടില്ല. എന്നാൽ ആർ.ഇ.ജി.പി. പദ്ധതി പ്രകാരവും പി.എം.ഇ.ജി.പി. പദ്ധതി പ്രകാരവും വിവിധ ബാങ്കുകളിൽ

LIBRARY ARCHIVES Kerala Legislative Assembly